(ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ തകർന്നുകിടക്കുന്ന റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് അടിയന്തരമായി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) തകർന്നു കിടക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 2015-16 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി 2,69,17,840 രൂപ വകയിരുത്തിയിട്ടുണ്ട്.

മുനിസിപ്പാലിറ്റിയിലേക്ക് നിയമിക്കപ്പെടേണ്ട ഉദ്യോഗസ്ഥ തസ്തിക

126 (1597) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപീകരിക്കപ്പെട്ട നഗരസഭകളിലേക്ക് കൂട്ടിച്ചേർത്ത പഞ്ചായത്തുകൾ ചെയ്യേ തീർക്കേണ്ടതായ ചുമതലകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ആയതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലേക്ക് നിയമിക്കപ്പെടേണ്ട ഉദ്യോഗസ്ഥ തസ്തികകളുടെ വിശദാംശങ്ങളും അവരെ എന്നത്തേക്ക് നിയമിക്കും എന്ന വിവരവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിലേക്ക് കൂട്ടിച്ചേർത്ത പഞ്ചായത്തുകൾ ചെയ്തുതീർക്കേണ്ടതായ ചുമതലകൾ സംബന്ധിച്ച് 19.11.2015-ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ടി വിഷയം പരിശോധിച്ചുവരുന്നു.

(ബി) പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലെ/കോർപ്പറേഷനുകളിലെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

അർബൻ 2020 പദ്ധതി

127 (1598) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ 2020 പദ്ധതി പ്രകാരം അംഗീകാരം നൽകിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അംഗീകാരം നൽകിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്കാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അർബൻ 2020 പദ്ധതി പ്രകാരം കൊല്ലം നഗരസഭ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നറിയിക്കുമോ; അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നഗരസഭകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡിപിആർ) തയ്യാറാക്കി നൽകുന്ന പ്രവർത്തനങ്ങളാണ് അർബൻ 2020 പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നഗരസഭകൾ ഇതിനകം തയ്യാറാക്കി നൽകിയ പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകളുടെ പരിശോധനകളാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്. അതിൻപ്രകാരമുള്ള ഡി.പി.ആർ.-കൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ അവയ്ക്ക് അന്തിമ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഡി.പി.ആർ.-കൾ തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള ത്രികക്ഷി കരാറിൽ ഇതിനകം ഏർപ്പെട്ടിട്ടുള്ള നഗരസഭകളുടെയും തയ്യാറാക്കി നൽകുന്ന ഡി.പി.ആർ.-കളുടെയും വിവരങ്ങൾ അനുബന്ധം 'എ' -യിൽ കാണാവുന്നതാണ്.*

(ബി) പരിശോധനയ്ക്ക് വിധേയമാക്കിയ പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ ഡി.പി.ആർ.-കളായി പരിവർത്തിപ്പിക്കുന്നതിന് ഡി.പി.ആർ.കൾ തയ്യാറാക്കുന്ന കൺസൾട്ടിംഗ് ഏജൻസിയും ബന്ധപ്പെട്ട നഗരസഭയും നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി.യും തമ്മിൽ ഒരു ത്രികക്ഷി കരാറിൽ ഏർപ്പെട്ടുവരുന്നു. പ്രസ്തുത കരാർ പ്രകാരമുള്ള ഡി.പി.ആർ.-കൾ തയ്യാറാക്കുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായമാണ് അർബൻ 2020 പദ്ധതിയിലൂടെ നഗര സഭകൾക്ക് നൽകാനുദ്ദേശിച്ചിട്ടുള്ളത്. ഡി.പി.ആർ.-കൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രസ്തുത ഡി.പി.ആർ.-കൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിലൂടെയും മറ്റ് ഫണ്ടിംഗ് ഏജൻസികൾ മുഖേനയും ഗ്രാന്റുകൾ നേടിയെടുക്കുന്നതിനാവശ്യമായ നഗരസഭകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ പദ്ധതിയുടെ നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി. നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അർബൻ 2020 പദ്ധതിപ്രകാരം ഡി.പി.ആർ.-കൾ തയ്യാറാക്കി നൽകുന്നതിന് ജെ.എൻ.എൻ.യു.ആർ.എം. ഫണ്ടിൽ നിന്ന് 5 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും നഗരസഭകൾക്കും ഡവലപ്പ്മെന്റ് അതോറിറ്റികൾക്കും പിപിപി പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പാർട്ണർ കേരള മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായ കിറ്റ്കോയ്ക്ക് നൽകുന്നതിനായി 2 കോടി രൂപ പാർട്ണർ കേരളമിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ തുടർ നടത്തിപ്പിനാവശ്യമായ 25 കോടി രൂപകൂടി 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) അർബൻ 2020 പദ്ധതി പ്രകാരം കൊല്ലം നഗരസഭ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ് :

ഇന്റഗ്രേറ്റഡ് ട്രെയിനേജ് നെറ്റ്വർക്ക്	-	200 കോടി രൂപ
കടപ്പാക്കട ഫ്ലൈ ഓവർ	-	100 കോടി രൂപ
റിജുവനേഷൻ ഓഫ് വാട്ടർ ബോഡീസ്	-	20 കോടി രൂപ

ഇതിൽ റിജുവനേഷൻ ഓഫ് വാട്ടർ ബോഡീസുമായി ബന്ധപ്പെട്ട ഡിപിആർ തയ്യാറാക്കുന്നതിനുള്ള എഗ്രിമെന്റിൽ കൊല്ലം നഗരസഭ ഏർപ്പെട്ടിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ട്രെയിനേജ് നെറ്റ്വർക്കുമായി ബന്ധപ്പെട്ട പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടിന്റെ പരിശോധന നടന്നുവരുന്നു. കടപ്പാക്കട ഫ്ലൈ ഓവറുമായി ബന്ധപ്പെട്ട പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടിന് അംഗീകാരം ലഭ്യമായിട്ടില്ല.

കൊല്ലം Q.S.S കോളനി നവീകരണം

128 (1599) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം Q.S.S. കോളനി നവീകരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി കൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) Q.S.S. കോളനി നവീകരിക്കുന്നതിനുവേണ്ടി No. 3264/VIP/CM തീയതി 21-5-2015 എന്ന നമ്പരിൽ ബഹു. മുഖ്യമന്ത്രി, അർബൻ അഫയേഴ്സ് സെക്രട്ടറിക്ക് അയച്ച കത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) കൃ.എസ്.എസ്. കോളനി നവീകരണം രാജീവ് ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും ആയതിന് അംഗീകാരം ലഭിച്ചിരുന്നില്ല. കോളനി നവീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly